# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-26

## എ.എൽ.പി.എസ്.

## പുലാപ്പറ്റ വെസ്റ്റ്.

# ആമുഖം

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി പുലാപ്പറ്റ വെസ്റ്റ് എ.എൽ.പി.സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2025-26 അധ്യയനവർഷം ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി തുല്യതയും ഗുണതയും സമഗ്രതയും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ്. കുട്ടികളുടെ സർവതോമുഖമായ വളർച്ചയ്ക്കും വികാസത്തിനും ഈ പരിപാടികൾ ഉപകരിക്കട്ടെ......

ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി അവസരോചിതമായ ഇടപെടലുകൾ, അധ്യാപകരക്ഷാകർതൃസമിതി യോഗങ്ങൾ, ക്ലാസ്സ് പി.ടി.എ.കൾ, എസ്.ആർ.ജികൾ എന്നിവ കൃത്യമായി നടത്തി നമ്മുടെ പ്രശ്നം തിരിച്ചറിയുകയായിരുന്നു.

പ്രശ്നം:

ഭാഷ, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ പല കുട്ടികളും അടിസ്ഥാനശേഷികൾ നേടിയിട്ടില്ല.

ലക്ഷ്യങ്ങൾ:

1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഭാഷ, ഗണിതം,

പരിസരപഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ എല്ലാ മേഖലകളിലും, കല, കായികം, പ്രവൃത്തിപരിചയം തുടങ്ങിയ സർഗ്ഗാത്മകമേഖലകളിലും ഉയർന്ന ശേഷികൾ കൈവരിയ്ക്കാൻ കുട്ടികളെ തയ്യാറാക്കുകയാണ് നമ്മുടെ ലക്ഷ്യം.

## ഭാഷ

### ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* വായനക്കൂട്ടം, എഴുത്ത്കൂട്ടം.
* അമ്മ വായന.
* ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വീട്ടിലൊരു ലൈബ്രറി.
* ക്ലാസ്സ് സഭ, ബാലസഭ
* വായനാസാമഗ്രികൾ കണ്ടെത്തൽ, വികസിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ.
* ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

### പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (പ്രീ-ടെസ്റ്റ്)
2. അക്ഷരം തിരിച്ചറിയൽ, ഉറപ്പിക്കൽ.
3. ചിഹ്നങ്ങൾ ഉറപ്പിക്കൽ
4. അക്ഷരക്കാർഡ്, പദക്കാർഡ്, ലഘുവാക്യങ്ങൾ വായന.
5. ചിത്രം — അടിക്കുറിപ്പ്, പദങ്ങൾ, ലഘുവാക്യങ്ങൾ, വായന
6. കഥ — കേൾക്കൽ, പറയൽ, വായന.
7. കഥാപുസ്തകം നൽകൽ.

8. CD പ്രദർശനം – ചർച്ചാവസരം
9. ഭിന്നശേഷിക്കാർക്ക് പ്രത്യേക പ്രവർത്തനം.
10. ക്ലാസ് വായനക്കൂട്ടം
11. ക്ലാസ്സ് ലൈബ്രറി, വീട്ടുലൈബ്രറി.
12. ഗ്രന്ഥശാല സന്ദർശനം - അംഗത്വം
13. സ്കൂൾ ലൈബ്രറി നവീകരണം.
14. വായനോത്സവം.
15. പത്രവായന
16. അമ്മവായന.
17. വായനാനുഭവം പങ്കുവയ്ക്കൽ
18. വായനക്കുറിപ്പ് തയ്യാറാക്കൽ.
19. ബാലസഭ.
20. ദിനാചരണങ്ങൾ – പതിപ്പ്.
21. ഇൻലന്റ് മാഗസിൻ, ചുമർപത്രിക.
22. ആസ്വാദനക്കുറിപ്പ്.
23. പൊതുവേദിയിൽ അവതരണം.
24. ഭാഷാ പ്രൊജക്ടുകൾ
25. സാഹിത്യ സാംസ്കാരിക ചിത്ര പ്രദർശനം, ജീവചരിത്ര കുറിപ്പുകൾ ലഘുവിവരണം എന്നിവ തയ്യാറാക്കൽ.

ഗണിതം.

അല്പം ഭയത്തോടെയും താല്പര്യക്കുറവോടെയുമാണ് പല കുട്ടികളും ഗണിതപഠനത്തിൽ ഏർപ്പെടുന്നത്. ഈ സ്ഥിതി മാറ്റി ഗണിതം രസകരവും വെല്ലുവിളിയുണർത്തുന്നതും, ജീവിത ഗന്ധിയുമാക്കി തീർക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

## ലക്ഷ്യം

1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക, പ്രായോഗിക ജീവിതത്തിൽ ഗണിതാശയങ്ങൾ പ്രയോഗിക്കാനുള്ള കഴിവ് നേടൽ എന്നതാണ് നമ്മുടെ ലക്ഷ്യം.

## പ്രവർത്തനങ്ങൾ

1. മുന്നറിവ് പരിശോധന.
2. രൂപങ്ങൾ (ത്രികോണം, വൃത്തം, ചതുരം etc) പരിചയപ്പെടൽ, തിരിച്ചറിയൽ.
3. സംഖ്യകൾ തിരിച്ചറിയൽ (സംഖ്യാ കാർഡ്, സംഖ്യാറിബ്ബൺ, etc)
4. സംഖ്യാബോധം ഉറപ്പിക്കൽ.
5. സംഖ്യാവ്യാഖ്യാനം. (സംഖ്യാപൂമ്പാറ്റ, കുട്ടുകാർ, etc)
6. വലുത്, ചെറുത്, മുന്നിലുള്ളത്, പിന്നിലുള്ളത്, ഇടയിലുള്ളത് കണ്ടെത്തൽ.
7. ആരോഹണക്രമം, അവരോഹണക്രമം.
8. ചിത്രപാറ്റേൺ, സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
9. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
10. നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ.
11. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.
12. കലണ്ടർ പരിചയപ്പെടൽ, നിർമ്മാണം.
13. ദിവസം, ആഴ്ച, മാസം, വർഷം ഇവ തമ്മിലുള്ള ബന്ധം.
14. സമയത്തിന്റെ ഏകകം പരിചയപ്പെടൽ അവ തമ്മിലുള്ള ബന്ധം.

15. അളവുകൾ പരിചയപ്പെടൽ (നീളം, ഭാരം, ഉള്ളളവ്) ഇവ കണക്കാക്കുന്ന വിധം പ്രായോഗിക പ്രശ്നങ്ങളിലൂടെ പരിചയപ്പെടൽ.

## പരിസരപഠനം.

ലക്ഷ്യം:

താൻ ജീവിക്കുന്ന ചുറ്റുപാടിനെക്കുറിച്ചും, അവിടുത്തെ സസ്യങ്ങൾ, ജീവികൾ പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കുക, ശാസ്ത്രകൗതുകവും, ശാസ്ത്രാവബോധവും വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

പ്രവർത്തനങ്ങൾ

1. മുന്നറിവ് പരിശോധന.
2. ചുറ്റുമുള്ള വസ്തുക്കളെ നിരീക്ഷിക്കൽ (ജീവനുള്ളതും അല്ലാത്തതും)
3. താരതമ്യം ചെയ്യൽ
4. വർഗ്ഗീകരിക്കൽ.
5. ഊഹിച്ചു പറയാനുള്ള ശേഷി വർദ്ധിപ്പിക്കൽ
6. ഊഹവും, യാഥാർത്ഥ്യവും പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കൽ.
7. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്.
8. ശാസ്ത്രതത്ത്വങ്ങൾ മനസ്സിലാക്കുന്നതിന്.
9. ലഘുപ്രോജക്റ്റുകളിൽ ഏർപ്പെടുന്നതിന്.
10. പ്രശ്നങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന്.
11. പ്രാദേശിക വിഭവങ്ങൾ അന്വേഷിച്ചറിയുന്നതിനും

പ്രയോജനപ്പെടുത്തുന്നതിനും ഫീൽഡ് ട്രിപ്പുകളിൽ ഏർപ്പെടൽ.

## English

### Aim.

The students develop English language skills that enable them to read short stories and poems, write and express their ideas in short sentences and have short conversations with each other on every day topics

### Activities.

1. Identify the letters and words with their sounds.
2. Identify the objects or picture of objects with their English names.
3. Add more lines.
4. Read and comprehend English stories, songs and conversational pieces.
5. Write descriptions, thoughts, dialogues etc.
6. Describe objects e and events orally and in writing.
7. To enhance communicativeon skills in English.
8. To enhance written ability in simple English discourses.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി മുന്നോട്ട് വയ്ക്കുന്ന അടിസ്ഥാനാശയങ്ങളും സമീപനങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ഈ പ്രവർത്തന പദ്ധതി തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. അവസ്ഥാവിശകലനത്തിൽ കണ്ടെത്തിയ വെല്ലുവിളികളെയും പ്രശ്നങ്ങളെയും തീവ്രതയനുസരിച്ച് തരംതിരിച്ച് മുൻഗണനാക്രമത്തിൽ പ്രവർത്തനങ്ങൾ ചേർത്തിട്ടുണ്ട്.

വിദ്യാലയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ, അധ്യാപകരുടെ എണ്ണം, സമയലഭ്യത, ഭൗതിക സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ മാത്രമേ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ഒരു നല്ല അധ്യാപകൻ ഒരു വിദ്യാർത്ഥിയുടെ ശാരീരിക, മാനസിക സാമൂഹിക അവസ്ഥകളും, ഗാർഹിക അന്തരീക്ഷവും നന്നായി അറിഞ്ഞിരുന്നാൽ മാത്രമേ അവനെ ലക്ഷ്യത്തിലേക്ക് വളർത്തിക്കൊണ്ടുവരാൻ കഴിയൂ എന്ന് നമുക്ക് അറിയാം. അതുപോലെ ഒരു വിദ്യാലയത്തിന്റെ ചരിത്രവും പശ്ചാത്തലവും, ഭൗതികസാഹചര്യങ്ങളും, പരിമിതികളും നേട്ടങ്ങളും നന്നായി മനസ്സിലാക്കി വേണം ആ വിദ്യാലയത്തെ വിലയിരുത്താൻ എന്ന ചെറിയ അപേക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.